| 11) SO 93/14പെരിഞ്ചേരിവിള-മയ്യത്തുംകര റോഡ് കോൺക്രീറ്റ്<br><br>മെയിന്റനൻസ് ഫണ്ട്(റോഡ്) 200000<br><br>റ്റി.എസ് നം.215/13-14/SBP/dt.22.7.13<br><br>എം.ബുക്ക് നം.99/13-14<br><br>ബിൽ നം.14/13-14 30/04/13-രൂ. 198099<br><br>നികുതികൾ കഴിച്ച് കൻവിനർക്ക് നൽകിയ തുക-184924 | ഇനം(2)concreting 1:4:8<br><br>using 40mm metal<br><br>23.4m3@4616 /m3 = 108014.40<br><br>ഇനം(3)concreting 1:2:4<br><br>using 20mm metal<br><br>11700dm3@65.5/10dm3 76635.00 | ഇനം(2)<br><br>23.4m3@4166.4= 97493.76<br><br>ഇനം(3)11700dm3<br><br>@61.25/10dm3 = 71662.5 | 10521<br><br>4973 |

| | | | |
|---|---|---|---|
| | | | |
| 12) SO 65/14ചാത്താകുളം-ചരിപ്ര റോഡ് കോൺക്രീറ്റ്<br>മെയിന്റനൻസ് ഫണ്ട്(റോഡ്)<br>റ്റി.എസ് നം.245/13-14/SBP/dt.22.7.13<br>എം.ബുക്ക് നം.80/13-14<br>ബിൽ നം.47/13-14 30/04/13-രൂ. 110000<br>നികുതികൾ കഴിച്ച് കൺവിനർക്ക് നൽകിയ തുക-102640 | ഇനം(2)concreting 1:4:8<br>using 40mm metal<br>13m3@4616 /m3 = 60008.00<br>ഇനം(3)concreting 1:2:4<br>using 20mm metal<br>6500dm3@65.5/10dm3 = 42575.00 | ഇനം(2)<br>13m3@4173 = 54249.00<br>ഇനം(3)6500dm3<br>@61.25/10dm3 = 39812.5<br>ആകെ | 5759<br>2760<br>---------------------------------------<br>202610 |

ഇതു സംബന്ധിച്ച 26/12/2015ന് നൽകിയ ആഡിറ്റ് എൻക്വയറി നം.5 ന് എം-സാന്റ് ലഭ്യമാകുന്ന ക്വാറികൾ അടിസ്ഥാനമാക്കി റേറ്റുകൾ തയ്യാറാക്കുമ്പോൾ കൺവയൻസ് തുക വളരെ അധികമായതിനാൽ, മണൽ നിരക്കിനേക്കാൾ അധീകരിക്കുമെന്ന് അറിയിക്കുന്നു. എന്നാൽ എം-സാന്റ് വാങ്ങിയ വൗച്ചറുകളും, ചെലവ് മിനിട്സും കൺവീനർമാർ ഹാജരാക്കയത് പരിശോധിക്കതെ തുകനൽകിയത്കൊണ്ടാണ് അധിക തുക നൽകാൻ ഇടയായത്.ടി തുക കൺവീനർമാരിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്. ആയതു വരെ ടി തുക ബന്ധപ്പെട്ട അസി.എൻജീനീയറുടെ ബാധ്യതയായിരിക്കും.

3-2 കുടിവെള്ള ഗാർഹിക കണക്ഷൻ - നാല് ഗുണഭോക്താക്കൾക്ക് രണ്ട് പ്രാവശ്യം ആനുകൂല്യം നല്കി

2013-14 സാമ്പത്തിക വർഷം വി.ഇ.ഒ ഇടയ്ക്കാട് നടപ്പിലാക്കിയ കുടിവെള്ള ഗാർഹിക കണക്ഷൻ എസ്.സി/കുടിവെള്ള ഗാർഹിക കണക്ഷൻ സ്പിൽ ഓവർ പദ്ധതികളിലായി നാല് ഗുണഭോക്താക്കൾക്ക് രണ്ട് പ്രാവശ്യം ആനുകൂല്യം നല്കി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്/വിലാസം | ഡി.ഡി നമ്പർ/ തീയതി / കൈപ്പറ്റിയ തുക | അധികം കൈപ്പറ്റിയ തുക | ആനുകൂല്യം കൈപ്പറ്റിയതിന്റെ വിശദ വിവരം |
|---|---|---|---|---|
| 1. | ശ്രീമതി. ലത<br>രാജി ഭവനം<br>വാർഡ് - 2 | 791325/ 22.4.14 -5000/-<br>791365/ 22.4.14 -5000/- | 5000/- | കുടിവെള്ള ഗാർഹിക കണക്ഷൻ സ്പിൽ ഓവർ പദ്ധതിയിൽ<br>(SO175/14)ബിൽ നമ്പർ 26/14/27.3.14 (ബിൽ തുക 205000/-) പ്രകാരം രണ്ട് പ്രാവശ്യം 5000/- രൂപ നല്കി (രജിസ്റ്റർ പേജ് 31 ക്രമ നമ്പർ 15, പേജ് 36 ക്രമ നമ്പർ 51 )<br>വികസന ഫണ്ട് എസ്.സി.പി |
| 2. | ശ്രീമതി. സാവിത്രി<br>ചിറത്താഴത്ത്<br>വാർഡ് -7 | 791282/ 21.4.14 -5000/-<br>791319/ 21.4.14 -5000/- | 5000/- | കുടിവെള്ള ഗാർഹിക കണക്ഷൻ സ്പിൽ ഓവർ പദ്ധതിയിൽ (SO175/14) ബിൽ നമ്പർ 26/14/27.3.14 (ബിൽ തുക 205000/-) പ്രകാരം രണ്ട് തവണ 5000/- രൂപ നല്കി (രജിസ്റ്റർ |

| | | | | |
|---|---|---|---|---|
| | | | | പേജ് 17 ക്രമ നമ്പർ 18, പേജ് 22 ക്രമ നമ്പർ 54)<br>വികസന ഫണ്ട് എസ്.സി.പി |
| 3. | ശ്രീ.കൃഷ്ണൻകുട്ടി<br>കല്ലൂർകുഴി ചരിഞ്ഞയ്യത്ത്<br>വാർഡ് - 9 | 791309/ 21.4.14 -5000/-<br>791366/ 22.4.14 -5000/- | 5000/- | കുടിവെള്ള ഗാർഹിക കണക്ഷൻ സ്പിൽ ഓവർ പദ്ധതിയിൽ (SO175/14) ബിൽ നമ്പർ 26/14/27.3.14 (ബിൽ തുക 205000/-) പ്രകാരം 5000/- രൂപയും (രജിസ്റ്റർ പേജ് 36 ക്രമ നമ്പർ 52 ) കുടിവെള്ള ഗാർഹിക കണക്ഷൻ എസ്.സി പദ്ധതിയിൽ (SOO33/14) ബിൽ നമ്പർ 29/14/27.3.14 (ബിൽ തുക 225000/-) പ്രകാരം 5000/- രൂപയും (രജിസ്റ്റർ പേജ് 22 ക്രമ നമ്പർ 54) നല്കി<br>വികസന ഫണ്ട് എസ്.സി.പി |
| 4. | ശ്രീമതി. രമണി<br>സുനിൽഭവനം<br>വാർഡ് -11 | 791290/ 21.4.14 -5000/-<br>791320/ 21.4.14 -5000/- | 5000/- | കുടിവെള്ള ഗാർഹിക കണക്ഷൻ എസ്.സി പദ്ധതിയിൽ (SOO33/14) ബിൽ നമ്പർ 29/14/27.3.14 (ബിൽ തുക 225000/-) പ്രകാരം രണ്ട് തവണ 5000/- രൂപ നല്കി. (രജിസ്റ്റർ പേജ് 18 ക്രമ നമ്പർ 26 പേജ് 22 ക്രമ നമ്പർ 55)<br>വികസന ഫണ്ട് എസ്.സി.പി |

| | | | | |
|---|---|---|---|---|
| | | ആകെ | 20, 000/- | |

മേല്പറഞ്ഞ നാല് ഗുണഭോക്താക്കൾക്ക് രണ്ട് പ്രാവശ്യം ആനുകൂല്യം നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം. 16/1.1.16) മറുപടിയിൽ തുക തിരികെ ഒടുക്കാമെന്ന് അറിയിച്ചിട്ടുണ്ട് .അധികം നല്കിയ 20, 000/- രൂപ നിരാകരിക്കുന്നു.പ്രസ്തുത തുക മേല്പറഞ്ഞ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി വികസന ഫണ്ട് എസ്.സി.പിയിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

3-3 അനർഹർക്ക് ആനുകൂല്യം -ചെലവ് തുക നിരാകരിക്കുന്നു.8000രൂപ.

പ്രോജക്റ്റ് നം. 37/14 കക്കൂസ് നിർമ്മാണം (ജനറൽ) പ്രകാരം ആനുകൂല്യം നൽകിയ ഷീജ കൂന്നയ്യത്ത്,അമ്പലത്തും ഭാഗം എ.പി എൽ വിഭാഗത്തിൽ ഉൾപ്പെടുന്നയാളാകുന്നു. ടിയാന്റെ റേഷൻ കാർഡ് നം. 1211048481 പ്രകാരം ഭർത്താവ് വിദേശത്തും വാർഷിക വരുമാനം 72000/- രൂപയുമാകുന്നു. ആയതിനാൽ ടിയാനു നൽകിയ തിക 8000/- രൂപ (ബിൽ നം.11/14തീ.27/01/14) ആഡിറ്റിൽ നിരാകരിക്കുന്നു.

470000/- രൂപ വികസന ഫണ്ടും 250000/- രൂപ നിർമ്മൽ പുരസ്കാരവും വകയിരുത്തിയിരുന്ന മേൽ പ്രോജക്ടിന്റെ നിർവഹണം നടത്തിയത് വി.ഇ.ഒ ആകുന്നു. നിർമ്മൽ പുരസ്കാര തുക വ്യക്തിഗത ആനുകൂല്യം നൽകാൻ ഉപയോഗിക്കാൻ സാധിക്കാത്തതിനാൽ പദ്ധതി വിഹിതം മാത്രമാണ് വിനിയോഗിച്ചിരിക്കുന്നത്. ഇത്തരത്തിൽ വിനിയോഗിക്കാൻ സാധിക്കാത്ത ഫണ്ട് വകതിരുത്തി പ്രോജക്റ്റ് വിഭാവനം ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്.

3-4 ശാരീരീകവെല്ലുവിളി നേരിടുന്നവർക്ക് സൈഡ്വീൽ കൈനറ്റിക്ക് സ്കൂട്ടർ-72000/രൂപ നിരാകരിക്കുന്നു, 110000/ രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ-SO-198/2014

പ്രോജക്ട് പേര്--ശാരീരീകവെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ കൈനറ്റിക്ക് സ്കൂട്ടർ

നിർവ്വഹണം-ഡോ.ബിജി.ബി.രാജ്. (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പോരുവഴി)

വികസനഫണ്ട്- 500000/

തനത്ഫണ്ട്- 25000/

ആകെ- 525000/

ബിൽ നമ്പർ തിയതി.10/2013-14.dt.29/3/2014 Rs.434000/

മെഡിക്കൽ ക്യാമ്പ് വഴി അർഹരായ10 ഗുണഭോക്താക്കളെ കണ്ടെത്തി ഒരു സ്കൂട്ടറിന് 50000/- രൂപ നിരക്കിൽ ആകെ – 500000/- രൂപയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ആയതിന് വിരുദ്ധമായി ഒരു സ്കൂട്ടറിന് 72000/- രൂപ നിരക്കിൽ 6പേർക്ക് ആകെ-432000/ രൂപയാണ് ഗുണഭോക്താക്കൾക്ക് നൽകിയിരിക്കുന്നത്. പ്രോജക്ടിന് വിരുദ്ധമായി ഒരു സ്കൂട്ടറിന് 22000/- രൂപനിരക്കിൽ 6 പേർക്ക് അധികം നൽകിയ തുക 110000/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

ആനുകൂല്യം ലഭിച്ച ഉണ്ണി, ചരിഞ്ഞയ്യത്ത്, അമ്പലത്തുംഭാഗം, പോരുവഴി എന്ന വ്യക്തി അർഹത നിർണ്ണയിക്കുന്ന മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തിട്ടില്ല. മാത്രമല്ല, ടിയാൾ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റ് പ്രകാരം viii-ാംവാർഡിൽ 5-ാം മത്തെ ഗുണഭോക്താവാണ്. മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത മറ്റ് വാർഡുകളിലെ അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിട്ടില്ല. മെഡിക്കൽ ക്യാമ്പിൽ പങ്കെടുക്കാത്ത മേൽ ഗുണഭോക്താവിന് 72000/- രൂപയുടെ ആനുകൂല്യം നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും

ഈടാക്കേണ്ടതാണ്. മതിയായ വിശദീകരണം ലഭ്യമാക്കി 110000/- രൂപയുടെ തടസ്സം ഒഴിവാക്കാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി മാറുന്നതാണ്. ഇതു സംബന്ധിച്ച് 28/12/15-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-7ന് വികാലാംഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയതെന്ന മറുപടി അംഗീകരിക്കത്തക്കതല്ല

3-5 പാലിയേറ്റീവ് കെയർ- ഉച്ചഭക്ഷണത്തിനും,ട്രാവലിംഗ് അലവൻസിനും നൽകുിയ തുകകൾ അംഗീകരിക്കുന്നില്ല.

Project No.-Soo-47/14

BILLNo/dt.-3/13-14,18/10/2013

ഗ്രാമപഞ്ചായത്തും, പോരുവഴി പി.എച്ച്.സി.യും സംയുക്തമായി നടപ്പിലാക്കുന്ന പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സാന്ത്വന ചികിൽസാ പദ്ധതിയുടെ ഭാഗമായി നടന്ന പരിപാടിയാണ് നിർദ്ധനരോഗികളുടെ കുടുംബസംഗമവും, ഓണകിറ്റ് വിതരണവും. ടി പരിപാടിയിൽ പങ്കെടുത്ത 100 പേർക്ക് ഉച്ചഭക്ഷണത്തിനായി 100/- രൂപ നിരക്കിൽ പോരുവഴി ഐശ്വര്യ സ്വയംസഹായ സംഘത്തിന് 10000/- രൂപ (D.D.NO.216124, dt.19/10/2013) നൽകി. 9/9/2013 തിങ്കളാഴ്ച നടന്ന ടി പരിപാടിയുടെ നോട്ടീസ് പ്രകാരം വൈകിട്ട് 4- മണിക്ക് കുടുംബസംഗമവും അതിനുശേഷം മറ്റ് പരിപാടികളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.ആയതിനാൽ ഉച്ചഭക്ഷണമിനത്തിൽ നൽകിയ തുകയും, കൂടാതെ പ്രോഗ്രാമിൽ പങ്കെടുത്തവർക്ക് 100/- രൂപ നിരക്കിൽ 5000/- രൂപ ( D.D.NO.216123, dt.19/10/2013) ട്രാവലിംഗ് അലവൻസ് നൽകിയതും ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇതു സംബന്ധിച്ച് 30/12/15-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-9ന് മറുപടി ലഭ്യമാക്കിയെങ്കിലും തൃപ്തികരമല്ലാത്തതിനാൽ 15000/- (10000+5000) രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്.

3-6 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി - 2353/- രൂപ നിരാകരിക്കുന്നു

2013-2014 സാമ്പത്തിക വർഷം ഡയറിഫാം ഇൻസ്ട്രക്ടർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ജനറൽ വിഭാഗത്തിന് 'കാലിത്തീറ്റ വിതരണം ' (പ്രോജക്ട് നം.Soo44/14) പദ്ധതിയ്ക്കായി വികസന ഫണ്ടിൽ (13-ാം ധനകാര്യ കമ്മീഷൻ) നിന്ന് 3,00,000/- രൂപ ആകെ വകയിരുത്തിയിരുന്നു. ബിൽ നമ്പർ 1/13-14 തീയതി 19-2-14 പ്രകാരം മുഴുവൻ തുകയും ചെലവഴിച്ചു. പാലുൽപാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 350 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ നിശ്ചയിച്ച പദ്ധതിയിൽ 240 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി. ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് 1 ലിറ്റർ പാലിന് ഒരു രൂപ നിരക്കിൽ കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും ആനുകൂല്യം നൽകയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | വാർഡ് നം. | നൽകിയ തുക |
|---|---|---|---|
| 1 | റഹിം ഹാരിസ് മൻസിൽ | 17 | 684 |
| 2 | വിജയൻപിള്ള,കളീക്കൽ | 17 | 789 |
| 3 | ഇന്ദിരാദേവിയമ്മ,അനശ്വര | 18 | 401 |
| 4 | സോമൻ,സ്വരാജ് ഭവനം | 1 | 479 |
| ആകെ | | | 2353/ |

ടി ഗുണഭോക്താക്കൾക്ക് അനുവദിച്ച 2353/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക തിരികെ ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3-7 പ്രായപരിധി കഴിഞ്ഞിട്ടും തൊഴിൽരഹിത വേതനം അനുവദിച്ചു-നഷ്ടം 480/-രൂപ

18- നും 35-നും മധ്യേ പ്രായമുള്ള തൊഴിൽരഹിതരായ യുവതീ-യുവാക്കൾക്ക് നൽകുന്ന താൽക്കാലിക ധനസഹായമാണ് തൊഴിൽരഹിത വേതനം. എന്നാൽ 35-വയസ്സ് പ്രായപരിധി കഴിഞ്ഞിട്ടും ഗുണഭോക്താക്കൾക്ക് തൊഴിൽരഹിതവേതനം വിതരണം ചെയ്തതായി വിതരണരജിസ്റ്റർ,കൈപ്പറ്റ് എന്നിവയുടെ പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞു.വിശദവിവരം താഴെപ്പറയുംപ്രകാരമാണ്.

| റോൾ നമ്പർ | പേര് | ജനന തീയതി | പ്രായ പരിധി അവസാനിക്കുന്ന തീയതി | വേതനം നൽകിയ തിയതി. | വേതനം നൽകിയ കാലയളവ്/തുക | അധികം നൽകിയ തുക (രൂപ) | ബിൽ നം. തിയതി. |
|---|---|---|---|---|---|---|---|
| 57 | സുധ.എസ്, ആൽത്തറയിൽ, ഇടയ്ക്കാട് | 24-05-79 | 23-05-14 | 31-03-15 | 3/14-7/14 (600/-) | 240/- (6/14-7/14) | 783/14-15 25-03-15 |
| 739 | ഗായത്രി.ഡി., ഗീതാലയം, വടക്കേമുറി, ചാത്താകുളം | 25-08-76 | 24-08-11 | 1-09-14 | 2/11-10/11 (1080/-) | 240/- (9/11-10/11) | 295/14-15 28-08-14 |
| ആകെ അധികമായി നൽകിയ തുക | | | | | | 480/- | |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-14,31-12-15)തുക തിരികെ ഈടാക്കാം എന്ന മറുപടിയാണ് ലഭ്യമാക്കിയത്.തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-8 പാലിയേറ്റീവ് കെയർ-ലാബ് ഉപകരണങ്ങൾ വാങ്ങിയ രേഖകൾ ഹാജരാക്കിയില്ല. 59145/- രൂപ തടസ്സപ്പെടുത്തുന്നു.

Project No.-Soo-47/14

BILLNo/dt.-6/13-14,28/03/14

ഗ്രാമപഞ്ചായത്തും, പോരുവഴി പി.എച്ച്.സി.യും സംയുക്തമായി നടപ്പിലാക്കുന്ന പാലിയേറ്റീവ് കെയർ പരിചരണ പദ്ധതിയുടെ ഭാഗമായി 2013-14 വർഷത്തിൽ കമ്മോഡിറ്റി സ്റ്റീൽ ചെയർ ഉൾപ്പെടെ ലാബ് ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ സിഡ്കോ കൊല്ലം ബ്രാഞ്ചിന് 59145/- രൂപ (D.D.NO.003088, dt.112/03.14) നൽകി. സിഡ്കോയിൽ നിന്നും സാധനങ്ങൾ വാങ്ങിയയിനത്തിൽ വില സൂചിപ്പിക്കുന്ന ഇൻവോയിസോ, ടി ഉപകരണങ്ങൾ മെഡിക്കൽ ഓഫീസർ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത രേഖകളോ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ലാബ് ഉപകരണങ്ങൾ വാങ്ങാതെ സിഡ്കോയിൽ നിന്നും ലാബ് ഉപകരണങ്ങൾ വാങ്ങിയതിനും 31/12/15-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-13ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 59145/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3-9 കുടിവെള്ള പദ്ധതി - വാട്ടർ അതോറിറ്റിയിൽ നിന്ന് തുക ഈടാക്കണം

കലതിവിള കുടിവെള്ള പദ്ധതിക്ക് വേണ്ടി 2010-11 സാമ്പത്തിക വർഷത്തിലെ പ്രോജക്റ്റ് പ്രകാരം 31/3/2011 ൽ 15 ലക്ഷം രൂപ [ഡി.ഡി.നം. 806080/31.3.11-1470000 രൂപ, ഡി.ഡി. 568632/05/04/11-30000/- രൂപ] ലഭിച്ചിട്ടുള്ളതായി കേരളാ വാട്ടർ അതോറിറ്റി-യുടെ കൊല്ലം ഡിവിഷൻ എക്സി. എൻജിനീയറുടെ 08/11/2013 ലെ കത്തിൽ നിന്ന് വ്യക്തമാകുന്നു പ്രകാരം കാണുന്നു.ടി കത്തിൽ 2012 മുതൽ റേറ്റ് റിവിഷൻ വന്നതിനാൽ ടി കുടിവെള്ള പദ്ധതിക്കായി 232500/- രൂപ കൂടി ഒടുക്കാൻ നിർദേശിച്ചതനുസരിച്ച് പ്രോജക്റ്റ് നം. 196/14 പ്രകാരം ടി തുക ബിൽ നം. 654/13-14 തീ.14.3.2014 പ്രകാരം വികസന ഫണ്ടിൽ നിന്നും നൽകിയിരിക്കുന്നു. പഞ്ചായത്ത് നിർദേശിച്ച സ്ഥലത്ത് കുഴൽ കിണർ നിർമ്മിക്കാൻ അനുയോജ്യമല്ലന്നും മയ്യത്തുകര ജംഗ്ഷനിലുള്ള പഞ്ചായത്ത് വക സ്ഥലത്ത് കുഴൽ കിണർ നിർമ്മിക്കാമെന്നും വാട്ടർ അതോറിറ്റി അറിയിച്ചിരിക്കുന്നു. 11.12.15 ലെ സെക്രട്ടറിയുടെ എ2/634/13 നമ്പർ കത്ത് പ്രകാരം വാട്ടർ അതോറിറ്റിയോടു 232500/- രൂപക്കുള്ള വിനിയോഗ സാക്ഷ്യ പത്രം ആവശ്യപ്പെട്ടതു പ്രകാരം 232500/- രൂപക്കുള്ള വിനിയോഗ സാക്ഷ്യ പത്രമാണ് ലഭിച്ചത്. 1732500/- രൂപ ടി പദ്ധതിയ്ക്കായി ഒടുക്കിയിട്ട് 232500/- രൂപക്കുള്ള വിനിയോഗ സാക്ഷ്യ പത്രം മാത്രം ആവശ്യപ്പെട്ടതിനു വിശദീകരണം നൽകേണ്ടതാണ്.

പ്രാദേശിക പരിശോധനയിൽ കുഴൽകിണർ നിർമ്മാണം കണ്ടെത്താൻ സാധിച്ചില്ല. തുക വിനിയോഗിക്കാതെ വിനിയോഗ സാക്ഷ്യ പത്രം നൽകിയ വാട്ടർ അതോറിട്ടിയുടെ നടപടികളിൽ മേൽ വിശദമായ അന്വേഷണങ്ങൾക്കും ആഡിറ്റ് ശുപാർശ ചെയ്യുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ ആഡിറ്റ് എൻക്വയറി നം 12/30-12-15 ന് കുടിവെള്ള പദ്ധതിക്കായി വാട്ടർ അതോറിറ്റി നടത്തിയ ശ്രമങ്ങൾ പരാജയപ്പട്ടതിനാൽ കോളനിയിലെ സ്ഥിരതാമസക്കാരായ ആളുകൾ സമ്മതപത്രം നൽകിയ സ്ഥലത്ത് പൊതുകിണർ നിർമ്മിച്ചുകൊണ്ടിരിക്കുകയാണെന്ന മറുപടിയാണ് നൽകിയിരിക്കുന്നത്. കുഴൽകിണർ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലെങ്കിൽ, വാട്ടർ അതോറിറ്റിയിൽ നിന്ന് 1732500/- രൂപ തിരികെ ഈടാക്കേണ്ടതാണ്

3-10 അംഗീകൃത പദ്ധതിയിൽ നിന്നുള്ള വ്യതതിചലനം - 180000/- രൂപ തടസ്സപ്പെടുത്തുന്നു.

ഹെഡ് മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ എന്ന പ്രോജക്ട് പ്രകാരം (പ്രോജക്ട് നം. 28/14) 100 വിദ്യാർത്ഥികൾക്കായി ഒരാൾക്ക് 3000/- രൂപയുടെ ഫർണിച്ചർ വീതം നൽകാനായിരുന്നു വിഭാവനം ചെയ്തിരുന്നത്. ഇതിനായി 300000/- രൂപ വികസന ഫണ്ടു് (എസ്.സി.പി) വകയിരുത്തി-യിരുന്നു. ഗുണഭോക്തൃ ലിസ്റ്റിൽ പെട്ട മുഴവൻ വിദ്യാർത്ഥികൾക്കു ആനുകൂല്യം നൽകാതെ 40 വിദ്യാർത്ഥികൾക്ക് ഒരാൾക്ക് 7500/- രൂപയ്ക്ക് (നികുതികൾ ഉൾപ്പടെ )സ്റ്റീൽ മേശയും, cushioned arm chair ഉം കാഡ്കോയിൽ നിന്നും ക്വട്ടേഷൻ പ്രകാരം വാങ്ങി നൽകിയിരിക്കുന്നു. ബിൽ നം.2/13-14 തീ. 20-03-14 പ്രകാരം 300000/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

അംഗീകൃത പ്രോജക്റ്റിൽ നിന്ന് അധികരിച്ച ചെലവഴിച്ച 180000/- (7500-3000x40) രൂപ ആഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാർ സാധൂകരണം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം 180000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി, തിരികെ ഈടാക്കേണ്ടതാണ്.

3-11 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ്ഫണ്ട്-10,000/- രൂപ തടസ്സപ്പെടുത്തുന്നു.

2013-2014 സാമ്പത്തിക വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ്ഫണ്ട് (പ്രോജക്ട് നമ്പർ - soo40/14). വികസന ഫണ്ടിൽ നിന്ന്

വകയിരുത്തിയ 70,000/- രൂപയിൽ ബിൽ നമ്പർ 15/13-14, 16/13-14, തീയതി 27-03-2014 പ്രകാരം 70,000/- രൂപയും ചെലവഴിച്ചു. ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആകെ 7 യൂണിറ്റുകൾക്ക് ആനുകൂല്യം നൽകി. 12-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം വ്യക്തമായ ഒരു തൊഴിൽ സംരംഭ പ്രോജക്ടിനെ ആധാരമാക്കി കുടുംബശ്രീ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകാം. എന്നാൽ, 2013-2014 ൽ ബാങ്ക് ലോൺ ലഭ്യമാക്കി തൊഴിൽ സംരംഭം തുടങ്ങാത്ത നന്ദനം കുടുംബശ്രീ യൂണിറ്റിന് സബ്സിഡിയായി 10,000/- രൂപ അനുവദിച്ചിരിക്കുന്നു. ടി കുടുംബശ്രീ ഗ്രൂപ്പിന് അനുവദിച്ച 10,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക ടി കുടുംബശ്രീ യൂണിറ്റിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

3-12 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകൽ 5802/- രൂപ തടസ്സപ്പെടുത്തുന്നു.

2012-13-ൽ എച്ച്.എം. (ഇടയ്ക്കാട് യു.പി.എസ്.) നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതിവിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകൽ -എന്ന പദ്ധതിയുടെ ഉദ്ഘാടനം 2013 ജൂലൈ മാസത്തിലാണ് നടന്നത്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഹൈസ്കൂൾ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകിയതിന്റെ അനുബന്ധ ചെലവുകളിനത്തിൽ താഴെപ്പറയും വിധം തുക ചെലവഴിച്ചിരിക്കുന്നു.

| ഇനം | രൂപ | ചെക്കനമ്പർ,തിയതി, |
|---|---|---|
| നോട്ടീസും,ഫ്ലക്സും. | 2402/ | 272008,26/7/2013 |
| ഫോട്ടോ | 300/ | 271987,22/7/2013 |
| മൈക്കും,മറ്റ് അനുബന്ധഉപകരണങ്ങൾ-വാടക | 2600/ | 271979,15/7/2013 |
| മൈക്ക് അനൗൺസ് മെന്റ്-കൂലി. | 500/ | 271979,15/7/2013 |
| ആകെ- | 5802/ | |

ഇതു സംബന്ധിച്ച് 28/12/15-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6 ന് മറുപടി തൃപ്തികരമല്ല ആയതിനാൽ 15802/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ആയതിനാൽ മതിയായ വിശദീകരണം നൽകാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി മാറുന്നതാണ്.

3-13 വി.ഇ.ഒ യുടെ അക്കൌണ്ടിൽ ചെലവഴിക്കാത്തപദ്ധതി പണം 1490000 രൂപ

നിർവഹണോദ്യോഗസ്ഥനായ വി.ഇ.ഒയുടേയും പഞ്ചായത്ത് പ്രസിഡന്റിന്റെയും പേരിൽ ഇ.എം.എസ് ഭവന നിർമ്മാണം ( എസ്.സി) എന്ന പേരിൽ അമ്പലത്തും ഭാഗം സർവീസ് സഹകരണ ബാങ്കിൽ അക്കൗണ്ട് നം. 1ൽ 28/3/2012 മുതൽ 1490000/- രൂപ ബാലൻസ് നില നിൽക്കുന്നു. 24/3/2010 ൽ 100000/- രൂ ടി ബാങ്കിൽ നിന്നും ഇ.എം.എസ് ഭവന പദ്ധതിക്കായി ലോൺ എടുത്തതായി കാണുന്നു. 19/04/2010 ൽ 2015000/- രൂപ ബൈട്രാൻസ്ഫർ പ്രകാരം വന്നിട്ടുണ്ട്. 4.4.2015 ൽ വായ്പ എടുത്ത 100000/- രൂപ അടച്ചു തീർത്തതായി കാണുന്നു. പാസ് ബുക്കിൽ അവശേഷിക്കുന്ന 1490000/- രൂപയെ കുറിച്ചുള്ള ആഡിറ്റ് എൻക്വയറി നം.12 തീ.30/12/2015 ന്, എസ്.സി ഭവന പദ്ധതി പ്രകാരമുള്ള 2009-10 ലെ പദ്ധതി വിഹിതമാണ് ട്രാൻസ്ഫർ ചെയ്ത തുകയെന്ന് വിശദീകരിക്കുകയുണ്ടായി. 2012-13, 2014-15 വർഷങ്ങളിൽ പഞ്ചായത്തിൽ ഭവന പദ്ധതികൾക്കായി യാതൊരു പ്രോജക്റ്റും നടപ്പാക്കിയിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്. ബാങ്കിൽ അവശേഷിക്കുന്ന തുക കൂടി ഉൾപ്പടുത്തി 2015-16 വർഷത്തിൽ എസ്.സി ഭവന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. ടി തുകയുടെ തുടർ വിനിയോഗം

ആഡിറ്റിനെ അറിയിക്കേണ്ടതും, ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സാമ്പത്തിക വർഷാവസാനം ബന്ധപ്പെട്ട ഹെഡ്ഡിൽ തിരിച്ചടക്കേണ്ടതുമാണ്.

3-14 ഗ്രാമസഭകൾ-ചെലവ് വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല

2013-14 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ ഗ്രാമസഭകൾ സ്കൂളുകൾ, ആഡിറ്റോറിയം എന്നിവിടങ്ങളിൽ വച്ച് നടത്തുകയും ഡസ്ക്, കസേര എന്നിവയുടെ വാടകയിനത്തിൽ വാർഡ് ഒന്നിന് 1000/ -രൂപ വീതം ഭൂരിഭാഗം ഗ്രാമ പഞ്ചായത്തംഗങ്ങളും കൈപ്പറ്റിയിരിക്കുന്നു. ചില ഉദാഹരണങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| ഗ്രാമസഭകൾ നടന്ന സ്ഥലം | ഗ്രാമസഭകൾ നടന്നവാർഡ് | ഗ്രാമസഭകൾ നടന്നതിയതി, | ചെക്കനമ്പർ,തിയതി, |
|---|---|---|---|
| എബനേസർ സ്കൂൾ | 4 | 21/7/2013 | 272031/12-9-2013 |
| എബനേസർ സ്കൂൾ | 4 | 21/7/2013 | 143110/7-10-2013 |
| മാർഗ്രിഗോറിയസ് എൽ.പി.സ്കൂൾ | 17 | 28/7/2013 | 272032/12-9-2013 |
| മയ്യത്തുംകര, ആഡിറ്റോറിയം | 14 | 27/7/2013 | 143149/28-11-2013 |
| ഒസ്റ്റാൻമുക്ക് | 13 | 25/7/2013 | 143111/2-10-2013 |
| ചെമ്മാട്ടുമുക്ക് | 16 | 28/7/2013 | 143107/5-10-2013 |

ഗ്രാമപഞ്ചായത്തംഗങ്ങൾ 1000/- രൂപവീതം കൈപ്പറ്റിയിട്ടുണ്ടെങ്കിലും, തുകയുടെ ചെലവു വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. ഗ്രാമസഭകൾ നടത്തുമ്പോൾ സ്കൂളുകൾ, ആഡിറ്റോറിയം എന്നിവിടങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി പഞ്ചായത്ത് ഫണ്ടിന്റെ ദുരുപയോഗം തടയുന്നതിന് ആവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് അധികാരികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 28/12/15 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6 ന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തിരുമാന പ്രകാരമാണ് തുക കൈപ്പറ്റുതെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

3-15 മെയിന്റനൻസ് ഫണ്ടുപയോഗിച്ച് പുതിയറോഡ് നിർമ്മാണം -ചെലവ് മാർഗരേഖയ്ക്ക് വിരുദ്ധം

മെയിന്റനൻസ് ഫണ്ട് (റോഡ്) മാർഗ്ഗ രേഖകൾ പ്രകാരം ടി ഫണ്ട് റോഡുകളുടെ മെയിന്റനസിന് മാത്രമാണു ഉപയോഗിക്കേണ്ടത്. (ജി.ഒ.(എം.എസ്.)330/2004 ത.സ്വ.ഭവ തി.9.4.2004) പഞ്ചായത്തിലെ മുഴുവൻ റോഡുകളും മെയിനന്റൻസ് നടത്തിയശേഷം ഫണ്ട് ശേഷിക്കുന്നുണ്ടെങ്കിൽ പഞ്ചായത്തിലെ റോഡുകളിലൊന്നും അറ്റകുറ്റ പണികൾ ആവശ്യമില്ലെന്ന ഭരണസമിതിയുടെ ഏകകണ്ഠമായ തിരുമാനത്തിന്റെ അടിസ്ഥാനത്തിൽ വേണം മറ്റുള്ള പ്രവൃത്തികൾ ഏറ്റെടുക്കേണ്ടത്. എന്നാൽ ടി സാമ്പത്തിക വർഷം നിരവധി പുതിയ റോഡിന്റെ പണികൾ മെയിന്റനൻസ് ഫണ്ട് (റോഡ്) ഉപയോഗിച്ച് നടത്തിയിരിക്കുന്നു. ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4 ന് 25/5/2013 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഹാജരാക്കി. ഇതിൽ ലഭ്യമായ മെയിന്റനൻസ് ഗ്രാന്റിനുള്ള മെയിന്റൻസ് പ്രവൃത്തികൾ ഇല്ലാത്തതിന്ൽ പുതിയ റോഡു പ്രവൃത്തികൾ ഏറ്റെടുക്കാൻ തീരുമാനിച്ചിരിക്കുന്നു. മെയിന്റനൻസ് സംബന്ധിച്ച് വിലയിരുത്തൽ നടത്തുകയോ, മെയിന്റനൻസ് ആവശ്യമുള്ള റോഡുകളുടെ ലിസ്റ്റ് തയ്യാറാക്കാതെയുമാണ് ഉത്തരത്തിൽ ഒരു തീരുമാനം കൈകൊണ്ടിട്ടുള്ളത്. മെയിന്റനൻസ് പ്രവൃത്തികൾക്ക് ആവശ്യമായ പദ്ധതികൾ രൂപീകരിച്ചതിനു

ശേഷമേ പുതിയ റോഡുകളുടെ നിർമ്മാണത്തിന് മെയിന്റനൻസ് ഫണ്ട് (റോഡ്) വകയിരുത്താവൂ എന്ന സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

3-16 കുടുംബശ്രീ അവലോകനം

പോരുവഴിഗ്രാമപഞ്ചായത്തിന്റെ കുടുംബശ്രീ സി.ഡി.എസിന്റെ കീഴിൽ 16 എ.ഡി.എസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.ജി.ഒ(പി) നം.222/08 ത.സ്വ.ഭ.വ തീയതി 8.8.08 പ്രകാരവും പുതുക്കിയ സി.ഡി.എസിന്റെ ബൈലോ സ.ഉ. (പി.) നം 198/2014/ ത.സ്വ.ഭ.വ. തീയതി 13-11-2014 ഉത്തരവ് പ്രകാരവും പുറപ്പെടുവിച്ച കുടുംബശ്രീ നിയമാവലി പ്രകാരമാണ് കുടുംബശ്രീ സി.ഡി.എസ് പ്രവർത്തനങ്ങൾ നടക്കുന്നത്. 18 എ.ഡി എസുകളിലായി 299 അയൽകൂട്ടങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 13-11-14 തീയതിയിലെ പുതുക്കിയ.സി.ഡി.എസ് ബൈലോ ഭേദഗതി പ്രകാരമാണ് സി.ഡി.എസ് ചെയർപേഴ്സൺ വൈസ് ചെയർപേഴ്സൺ എന്നിവരെ തെരഞ്ഞെടുത്തിട്ടുള്ളത്. 2015 ജനുവരിയിൽ 25ന് നടന്ന കുടുംബശ്രീ തെരഞ്ഞെടുപ്പിലൂടെ നിലവിൽ വന്നസി.ഡി.എസ് ഭരണസമിതിയാണ് ഇപ്പോൾ നിലവിലുള്ളത്. .കുടുംബശ്രീ ഭരണസമിതി മെമ്പർ സെക്രട്ടറി എന്നിവരുടെ തെരഞ്ഞെടുപ്പ് ജി.ഒ.( പി) 314/08/ ത.സ്വ.ഭ.വ തീ 27-11-08 പ്രകാരമാണ് നടപ്പാക്കിയിട്ടുള്ളത്

കുടുംബശ്രീ മൈക്രോഫിനാൻസ്

കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ സമ്പാദ്യമാണ് മൈക്രോഫിനാൻസിന് ഉപയോഗിക്കുന്നത്. അംഗങ്ങൾക്ക് വായ്പ നൽകുകയും, ചെറുകിട സംരംഭങ്ങൾ ഇതുപയോഗിച്ച് നടത്തുകയും ചെയ്യുന്നു.

ലിങ്കേജ് ലോൺ

200 പരം അയൽകൂട്ടങ്ങൾ നാളിതുവരെ ലിങ്കേജ് ലോൺ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാമമാത്രമായ സംരംഭങ്ങളെ തുടർ പ്രവർത്തനങ്ങൾ നടത്തുന്നുള്ളു. ജില്ലാ മിഷനിൽനിന്നുള്ള സബ്സിഡിക്ക് വേണ്ടിയാണ് മിക്ക അയൽകൂട്ടങ്ങളും ലോൺ എടുക്കുന്നത്.

മൈക്രോ സംരംഭങ്ങൾ

ബാങ്ക് വായ്പകളും, ആഭ്യന്തര വായ്പകളും ഉപയോഗപ്പടുത്തു ചെറുകിട സംരംഭങ്ങൾ നടത്തുന്നുണ്ട്. തയ്യൽ, പലഹാരയൂണിറ്റ്, ധാന്യപ്പൊടി യൂണീറ്റ് എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഉത്സവ കാലങ്ങളിൽ വിപണന മേളകൾ സംഘടിപ്പിക്കുകയും, കുടുംബശ്രീ ഉൽപന്നങ്ങൾ വിറ്റഴിക്കുകയും ചെയ്യുന്നു.

പാട്ടകൃഷി

105 സംഘകൃഷി ഗ്രൂപ്പുകളാണ് പോരുവഴി കുടുംബശ്രീ സി.ഡി.എസിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. സ്വന്തം ഭൂമിയിലും, പാട്ടത്തിനെടുത്ത ഭൂമിയിലും ടി യൂണീറ്റുകൾ കൃഷി നടത്തുന്നുണ്ട്.

വിവര സാങ്കേതിക മേഖല

വിവര സാങ്കേതിക മേഖലയിൽ യാതൊരു പ്രവർത്തനങ്ങളും നടത്തിയിട്ടില്ല.

ബാലസഭ

കുടുംബശ്രീയുടെ കീഴിൽ 64 ബാലസഭകളുണ്ട്. ബാല പഞ്ചായത്ത്, ബാലപാർലമെന്റ് എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. ബാലസഭ കുട്ടികൾക്കായി ഹോളിസ്റ്റിക് ഹെൽത്ത്, പ്രകൃതിയിലെ ഗണിതം, ഊർജ സംരക്ഷണകലാജാഥ, ഓണകൂട്ടം, ബാലസംഗമം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

സാന്ത്വനം.

ജില്ലാമിഷന്റെ കീഴിൽ പരിശീലനം സിദ്ധിച്ച ഒരാളിന്റെ കീഴിൽ രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയവ സംബന്ധിച്ച ആരോഗ്യ മേഖലയിൽ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

<u>സമഗ്ര-പ്രാദേശിക ഉല്പാദന വിപണന ശൃഖല</u>

ഉത്സവ കാലങ്ങളിൽ വിപണന മേളകൾ സംഘടിപ്പിക്കുന്നത് ഒഴികെ മറ്റ് യാതൊരു പ്രവർത്തനങ്ങളും നടത്തുന്നില്ല.

<u>സ്ത്രീ-പദവിസ്വയം പഠന പ്രക്രിയ</u>

ജന്ററർകോർണർ രൂപീകരിക്കുകയും, സ്ത്രീകളുടേയും, കുട്ടികളുടേയും പ്രശ്ലങ്ങളിൽ ഇടപെടുകയും ചെയ്യുന്നുണ്ട്. ബോധവല്ക്കരണ ക്ളാസുകളും, കൗമാര കുട്ടികൾക്കായി പ്രിമാരിറ്റൽ കൌൺസിലിംങ്ങും ജെന്ററിലൂടെ സംഘടിപ്പിക്കുന്നുണ്ട്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2013-14 | 500000 | മുകളേത്ത് തടത്തിൽ പുത്തൻപുരമുക്ക് റോഡ്.<br>ചിറയിൽമിക്ക്-കിഴക്ക് പള്ളിമുക്ക് റോഡ് | 250000<br>246838 | 3162 |

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി-കടമ്പനാട് | സ്ട്രീറ്റ് ലൈൻ നിട്ടൽ | ഡി.ഡിനം.502011-31/ 3/13 | 50000 | - | 50000 |
| എക്സി. എജിനീയർ, വാട്ടർ അതോറിറ്റി, കൊല്ലം | പൈപ്പ് ലൈൻ നീട്ടൽ | ബിൽ നം.13/13-14 തീ. 26/02/14<br>ഡി.ഡി.നം .002490/26/ 02/14 | 282875രൂ<br>17125 | -<br>- | 282875രൂ<br>17125 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി-കടമ്പനാട് | സ്ട്രീറ്റ് മെയിൻ വലിക്കൽ- | ബിൽ നം12/13-14 തീ.18/12/13 | 183000രൂ | - | 183000രൂ |
| കെ.എസ്.ഇ.ബി-കടമ്പനാട് | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ- | ബിൽ നം.11/13-14 തീ. 15/12/13 | 265000രൂ. | - | 265000രൂ. |
| വാട്ടർ അതോറിറ്റി കൊല്ലം | കലതിവിള കുടിവെള്ള പദ്ധതി | ബിൽ നം.654/13-14/ തീ. 14/3//14 | 232500 രൂപ. | 232500 രൂപ | |

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

4-5 . സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2010-11 | 2-2 | 2500 | ആർ. ഗോപകുമാർ | 11301101220/24/10/13 |
| “ | 2-1 | 250 | “ | 11301101688/4/1/14 |
| “ | 2-2 | 2500 | “ | 11301102029/31/1/14 |
| “ | 2-2 | 2500 | “ | 113011O2537/28/2/14 |
| “ | 3-1 | 425 | “ | 11301102031/31/1/14 |
| “ | 3-8 | 7332 | ഗംഗാഭായി ICDS SUPERVISOR | 113O11O1728/8.1.14 |
| | ആകെ | 15507 | | |

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 69532023 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 72485729 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 319963 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 364947 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 202610 | ശ്രീമതി.ശാലിനി, (178597) അസി.എൻജിനീയർ<br>ശ്രീമതി.ഫസീലാബീവി, (24013) അസി.എൻജിനീയർ |
| 3-2 | | 20000 | ശ്രീമതി.അനിതകുമാരി.വി.ഇ.ഒ.,ഇടയ്ക്കാട് |
| 3-3 | | 8000 | ശ്രീമതി.അനിതകുമാരി.വി.ഇ.ഒ.,ഇടയ്ക്കാട് |
| 3-4 | | 72000 | ഡോ.ബിജി.ബി. രാജ്<br>മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. |
| 3-5 | | 15000 | ഡോ.നിയതി<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-6 | | 2353 | ശ്രീമതി.ഷാഹിദ.കെ<br>ഡയറിഫാം ഇൻസ്പെക്ടർ |
| | ആകെ | 319963/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 110000 | ഡോ.ബിജി.ബി. രാജ്<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-8 | 59145 | ഡോ.ബിജി.ബി. രാജ്<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-10 | 180000 | ശ്രീ. മധുസൂദനൻ, ഹെഡ് മാസ്റ്റർ |
| 3-11 | 10000 | ശ്രീ. ഇസ്മയിൽകുഞ്ഞ്, വി.ഇ.ഒ |

| | | |
|---|---|---|
| 3-1 | 5802 | ശ്രീമതി.ടി.ജി.ഉഷാകുമാരി, ഹെഡ്മിസ്ട്രസ് |
| ആകെ | 364947 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഉഷാകുമാരി.എം<br>സെക്രട്ടറി | സെക്രട്ടറി<br>പോരുവഴി ഗ്രാമപഞ്ചായത്ത് | ചൈത്രം, ശൂരനാട് പി.ഒ<br>ശൂരനാട് |
| ശ്രീമതി. ശാലിനി, അസി.എൻജിനീയർ | അസി.എൻജിനീയർ, പോരുവഴി ഗ്രാമപഞ്ചായത്ത് | ശാന്താലയം, അരിനല്ലൂർ പി.ഒ<br>അരിനല്ലൂർ |
| ശ്രീമതി ഫസീലാബീവി, അസി.എൻജിനീയർ | ബ്ലോക്ക്പഞ്ചായത്ത്<br>ശാസ്താംകോട്ട | ചിറയിൽ പടിഞ്ഞാറ്റതിൽ, നീരാവിൽ കൊല്ലം |
| ശ്രീമതി.അനിതകുമാരി, വി.ഇ.ഒ., ഇടയ്ക്കാട് | മുനിസിപ്പൽ ഓഫീസ്. കൊട്ടാരക്കര | പള്ളിപറമ്പതിൽ കിഴക്കതിൽ<br>അങ്ങാടിക്കൽ പി.ഒ<br>ചെങ്ങന്നൂർ |
| ഡോ.ബിജി.ബി. രാജ്<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, നിലമേൽ | രാജാലയം, കരിങ്ങന്നൂർ പി. ഒ . ഓയുർ, കൊല്ലം. |
| ഡോ.നിയതി<br>ജൂനിയർ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, എം.എച്ച്.സി പേരൂർക്കട | അല്ലിമലർക്കാവ്, പോങ്ങുംമൂട് പി.ഒ മെഡിക്കൽകോളേജ്. തിരുവനന്തപുരം |
| ശ്രീമതി.ഷാഹിദ.കെ<br>ഡയറിഫാം ഇൻസ്ട്രക്ടർ | ക്ഷീരവികസന ഓഫീസ്, ശാസ്താംകോട്ട | ബൈത്തുൽനൂർ പട.നോർത്ത്, കരുനാഗപ്പള്ളി, കൊല്ലം. |

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-1997 | എൽ.എഫ്.ക്യൂ.പി2/1200/ 2014, തീയതി 8-07-14 |
| 1997-1998 | എൽ.എഫ്.ക്യൂ.പി2/1200/2014, തീയതി8-07-14 |
| 1998-1999 | എൽ.എഫ്.ക്യൂ.പി2/1200/2014, തീയതി 8-07-14 |
| 1999-2000 | എൽ.എഫ്.ക്യൂ.പി2/1200/2014, തീയതി 8-07-14 |
| 2000-2001 | എൽ.എഫ്.ക്യൂ.പി2/1200/2014, തീയതി 8-07-14 |
| 2001-2002 | എൽ.എഫ്.ക്യൂ.പി2/1200/2014, തീയതി 8-07-14 |
| 2002-2003 | എൽ.എഫ്.ക്യൂ.പി2/1200/2014, തീയതി 8-07-14 |
| 2003-2004 | എൽ.എഫ്.ക്യൂ.പി2/1200/2014, തീയതി 8-07-14 |
| 2004-2005 | എൽ.എഫ്.ക്യൂ.പി2/1200/2014, തീയതി 8-07-14 |
| 2005-2006 | എൽ.എഫ്.ക്യൂ.പി2/1200/2014, തീയതി 8-07-14 |
| 2006-2007 | എൽ.എഫ്.ക്യൂ.പി2/1200/2014, തീയതി 8-07-14 |
| 2007-2008 | എൽ.എഫ്.ക്യൂ.പി2/1200/2014, തീയതി 8-07-14 |
| 2008-2009 | എൽ.എഫ്.ക്യൂ.പി2/1200/2014, തീയതി 8-07-14 |

| | |
|---|---|
| 2009-2010 | എൽ.എഫ്.ക്യൂ.പി2/1200/2014, തീയതി 12-06-14 |
| 2010-2011 | എൽ.എഫ്.ക്യൂ.പി2/1200/2014, തീയതി 12-06-14 |
| 2011-12<br>2012-13 | എൽ.എഫ്.ക്യൂ.പി2/2624/2014, തീയതി 05-03-15 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

4-10 ഓഡിറ്റ് സാക്ഷ്യപത്രം
കെ.എസ്.എ-കെ.എൽ.എം-പി.2/94/2016

തീയതി 05.01.2015

# സാക്ഷ്യപത്രം

1994-ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2013-14ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

താഴെപ്പറയുന്ന ന്യൂനതകൾ ന്യൂനതകൾ ഒഴിച്ചുനിർത്തിയാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യ പത്രിക പോരുവഴി ഗ്രാമ പഞ്ചായത്തിന്റെ 2013-14ലെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും ജൂൺ 12ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

അനുബന്ധം
ന്യൂനതകളുടെ സംഗ്രഹം

1. സ്റ്റോക്കിന്റെ മൂല്യം ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. ബാലൻസ് ഷീറ്റിൽ ബി3 ഷെഡ്യൂളിലെ Beneficiary contribution utilised 789338/- രൂപയുടെ കൃത്യത വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയില്ല.
3. എസ്.സി.ബി യൂറോ അക്കൗണ്ട്, എസ്.സി.ബി ജനകീയ പാർപ്പിട പദ്ധതി എന്നിവയിൽ യഥാക്രമം 24795/- രൂപയും, 2852/- രൂപയും നീക്കിയിരിപ്പുണ്ട്. സർക്കാർ ഉത്തരവ് അനുസരിച്ച് അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.